**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 410** **04-07-2024 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ വന്നശേഷം എത്ര സബ് രജിസ്ട്രാർ ഓഫീസുകൾ സ്മാർട്ട് ഓഫീസുകൾ ആക്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | രജിസ്ട്രേഷൻ വകുപ്പിലെ ഓഫീസുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 34 സബ് രജിസ്ട്രാർ ഓഫീസുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഓഫീസുകളെ സ്മാർട്ട് ഓഫീസുകൾ ആക്കുന്നതിന് വേണ്ടിയുള്ള സൗകര്യങ്ങൾ സംബന്ധിച്ച പദ്ധതികൾ വകുപ്പ് പരിഗണിച്ചു വരികയാണ്. ഇവ പൂർണ്ണസജ്ജമാകുന്ന മുറയ്ക്ക് സബ് രജിസ്ട്രാർ ഓഫീസുകളെ സ്മാർട്ട് ഓഫീസുകളായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | എത്ര രജിസ്ട്രാർ ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | രജിസ്ട്രേഷൻ വകുപ്പിനു കീഴിലുള്ള 315 സബ് രജിസ്ട്രാർ ഓഫീസുകളിലും കമ്പ്യൂട്ടർവത്കരണം പൂർത്തിയാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ